**ചടയമംഗലം നിയോജക മണ്ഡലത്തിൽ 2011 മേയ് മാസം മുതൽ 2015 ഡിസംബർ വരെ നടപ്പിലാക്കിയ പദ്ധതികൾ**

237 (938) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചടയമംഗലം നിയോജക മണ്ഡലത്തിൽ 2011 മേയ് മാസം മുതൽ 2015 ഡിസംബർ വരെ തൊഴിലും നൈപുണ്യവും വകുപ്പുമുഖേന എത്ര പദ്ധതികൾ നടപ്പിലാക്കി എന്ന് വ്യക്തമാക്കാമോ;

(ബി) ഇതിനായി എത്ര തുക അനുവദിച്ചുവെന്നും എത്ര തുക ചെലവഴിച്ചുവെന്നും വെളിപ്പെടുത്താമോ?

ഉത്തരം

(എ) പുതുതായി ഒരു ഐ.ടി.ഐ. അനുവദിച്ചിട്ടുണ്ട്.

(ബി) ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടില്ല.

**കേരളത്തിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ**

238 (939) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ളവരുടെ ആകെ എണ്ണം എത്രയാണെന്ന് വ്യക്തമാക്കാമോ ;

(ബി) കേരളത്തിലെ ഐ.ടി. - വ്യവസായ പാർക്കുകളിലായി എത്ര ജീവനക്കാർ ജോലി നോക്കുന്നുവെന്നും ടി ജീവനക്കാരിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തരം ജോലി നോക്കുന്നവർ എത്രയാണെന്നും വ്യക്തമാക്കാമോ;

(സി) ടി ജീവനക്കാരിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന ജോലി നോക്കുന്ന പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗക്കാർ എത്രയാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 36,46,724

(ബി&സി) വിവരം ശേഖരിച്ച് നൽകുന്നതാണ്.

**ഐ.ടി.ഐ. -കളിലെ കാലാനുസൃത കോഴ്സുകൾ**

239 (940) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഐ.ടി.ഐ-കളിൽ കാലാനുസൃതമായ കോഴ്സുകളും ഗുണനിലവാരമുള്ള ആധുനിക പരിശീലനവും നൽകുന്നതിന് ആവിഷ്കരിച്ച പദ്ധതികൾ വിശദമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഐ.ടി.ഐ-കളിലെ ഭൗതിക സൗകര്യം ഉയർത്തുന്നതിന് രൂപീകരിച്ച പദ്ധതികൾ എന്തെല്ലാമാണ്;

(സി) താനൂർ മണ്ഡലത്തിലെ ചെറിയമുണ്ടം ഐ.ടി.ഐ.-യിൽ പുതിയ കോഴ്സുകൾ ആരംഭിക്കുന്നതിനും ഭൗതിക സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും ഈ സർക്കാർ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ ഐ.ടി.ഐ.-കളിൽ കാലാനുസൃതമായ കോഴ്സുകൾ ആരംഭിക്കുന്നതിന് സ്വീകരിച്ച പദ്ധതികളുടെ വിവരം ചുവടെ ചേർക്കുന്നു:

1. <u>ഐ.ടി.ഐ. കളെ മികവിന്റെ കേന്ദ്രങ്ങളായി ഉയർത്തൽ</u> :

   കേന്ദ്ര ഗവൺമെന്റ് 2005-ൽ ആരംഭിച്ച മികവിന്റെ കേന്ദ്രം പദ്ധതി പ്രകാരം സംസ്ഥാനത്തെ ഐ.ടി.ഐ.കളിൽ കാലാനുസൃതമായ പുതിയ ട്രേഡുകൾ/മൾട്ടി സ്കിൽ ട്രേഡുകൾ ആരംഭിക്കുകയുണ്ടായി.

2. <u>Revamping</u> :

   DGT-യുടെ നിർദ്ദേശ പ്രകാരം ജോലി സാധ്യത കുറഞ്ഞ കോഴ്സുകൾ നിർത്തലാക്കി ജോലിസാധ്യത കൂടിയ ആധുനിക ട്രേഡുകൾ ആരംഭിക്കുകയുണ്ടായി.

   സംസ്ഥാനത്തെ ഐ.ടി.ഐ. പരിശീലനാർത്ഥികൾക്ക് ഗുണനിലവാരമുള്ള ആധുനിക പരിശീലനം നൽകുന്നതിന് ചുവടെ ചേർത്തിട്ടുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്:

   1. <u>വെർച്ച്വൽ ക്ലാസ് റൂം</u> :

      വിവര സാങ്കേതികവിദ്യയിലൂന്നിയ ഇലക്ട്രോണിക് പഠന സൗകര്യങ്ങൾ പ്രയോജനപ്പെടുത്തി സംസ്ഥാനത്തെ 34 സർക്കാർ ഐ.ടി.ഐ. കളിൽ വെർച്ച്വൽ ക്ലാസ് റൂം പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ഒരു വിദഗ്ധ പരിശീലകൻ വിദൂര ദേശത്തുനിന്നും എടുക്കുന്ന ക്ലാസ് ടി ഐ.ടി.ഐ.കളിൽ ഒരേസമയം പരിശീലനാർത്ഥികൾക്ക് കാണുന്നതിനും സംശയ നിവാരണം നടത്തുന്നതിനും സാധിക്കുന്നു. ഇതോടൊപ്പം ഇന്ത്യയിലും വിദേശത്തും നടക്കുന്ന പരിശീലന പരിപാടികൾ വിദ്യാർത്ഥികൾക്ക് തൽസമയം തന്നെ ലഭ്യമാക്കുന്നതിനും ഈ സാങ്കേതികവിദ്യ പ്രയോജനപ്പെടുന്നു.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

2. ത്രീ-ഡി ഇന്ററാക്ടീവ് ടീച്ചിംഗ് എയ്ഡ്:

ഐ.ടി.ഐ. പരിശീലനാർത്ഥികൾക്ക് പഠിക്കാൻ ബുദ്ധിമുട്ടുള്ള എഞ്ചിനീയറിംഗ് ഡ്രോയിംഗ് എന്ന വിഷയത്തിലും ആട്ടോമൊബൈൽ, ഡി/സിവിൽ, ഇലക്ട്രീഷ്യൻ, ഫിറ്റർ, ടർണർ, മെഷീനിസ്റ്റ് എന്നീ ട്രേഡുകളിലും ത്രീ-ഡി-ഇന്ററാക്ടീവ് ടീച്ചിംഗ് എയ്ഡ് സോഫ്റ്റ് വെയർ നടപ്പിലാക്കി.

(ബി) 2015-16 സാമ്പത്തിക വർഷം വിവിധ ഐ.ടി.ഐ.-കളിലെ (17 ഐ.ടി.ഐ.) ഇലക്ട്രിഫിക്കേഷൻ വർക്കിനുവേണ്ടി 8 കോടി രൂപയും സംസ്ഥാനത്തെ 8 ഐ.ടി.ഐ.-കളിലെ ക്ലാസ്സ് റൂം/വർക്ക്ഷോപ്പ് കെട്ടിട നിർമ്മാണത്തിനുവേണ്ടി 2.4 കോടി രൂപയും വിവിധ ഐ.ടി.ഐ.-കളിലെ വർക്ക്ഷോപ്പ് കെട്ടിട നവീകരണത്തിനുവേണ്ടി 3 കോടി രൂപയും അനുവദിച്ചിരുന്നു. കൂടാതെ സംസ്ഥാനത്തെ ഐ.ടി.ഐ. കളിൽ അഫിലിയേഷൻ/റീ-അഫിലിയേഷൻ നേടുന്നതിന്റെ ഭാഗമായുള്ള ഉപകരണ സംഭരണത്തിനുവേണ്ടി ആകെ 20 കോടി രൂപയും അനുവദിക്കുകയുണ്ടായി.

(സി) ഗ്രാമപഞ്ചായത്ത് ലഭ്യമാക്കിയ താത്ക്കാലിക സംവിധാനത്തിലാണ് നിലവിൽ ചെറിയമുണ്ടം ഐ.ടി.ഐ. പ്രവർത്തിക്കുന്നത്. ടി ഐ.ടി.ഐ.-ക്ക് സ്വന്തമായി കെട്ടിടം നിർമ്മിച്ച് മതിയായ അടിസ്ഥാനസൗകര്യം ലഭ്യമാക്കുന്ന മുറയ്ക്ക് പുതിയ കോഴ്സുകൾ ആരംഭിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

## ഐ.ടി.ഐ.-കളുടെ പ്രവർത്തനം

240 (941) ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഐ.ടി.ഐ.-കളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ;

(ബി) സംസ്ഥാനത്ത് ആകെ എത്ര സർക്കാർ ഐ.ടി.ഐ.-കൾ ഉണ്ടെന്ന് ജില്ല തിരിച്ച് അറിയിക്കുമോ;

(സി) ഈ സർക്കാരിന്റെ കാലത്ത് എത്ര സർക്കാർ ഐ.ടി.ഐ.-കൾ അനുവദിച്ചിട്ടുണ്ടെന്ന് ജില്ല തിരിച്ച് അറിയിക്കുമോ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഓരോ വർഷവും എത്ര പേർക്ക് പഠനത്തിന് സർക്കാർ ഐ.ടി.ഐ.-കളിൽ പ്രവേശനം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;